**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 346** **18-03-2025 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായ മേഖലയിൽ സമഗ്ര പുനരുദ്ധാരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീമതി യു പ്രതിഭ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമഗ്ര പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി രൂപീകരിച്ച വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി (2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ) 30 കോടി രൂപ വകയിരുത്തുകയും ഇതിൽ മൂന്ന് പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ പ്രവർത്തിക്കുന്ന പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് അവയുടെ സുസ്ഥിരമായ പ്രവർത്തനത്തിനും മികച്ച ഉത്പാദന ക്ഷമതയ്ക്കും പ്രോത്സാഹനത്തിനും തൊഴിൽ പുനസ്ഥാപിക്കുന്നതിനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി 20 കോടി രൂപ വകയിരുത്തി. ഇതിൽ സ്വകാര്യ സംരംഭകർക്ക്/പ്രോസസ്സർമാർക്ക് മൊത്തം തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനങ്ങളുടെ എണ്ണം എന്നിവ അടിസ്ഥാനമാക്കി EPF/ESI തൊഴിലുടമാവിഹിതമായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽ യുവജനങ്ങളെ ഈ വ്യവസായത്തിലേയ്ക്ക് ആകർഷിക്കാനും കഴിയുന്ന തരത്തിൽ സ്ത്രീ സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി 5 കോടി രൂപയും പ്രോസസ്സിംഗ് യൂണിറ്റുകളിലെ ഷെല്ലിംഗ് വിഭാഗത്തിന്റെ നവീകരണത്തിനായി 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **കേരളത്തിലെ ചെറുകിട-ഇടത്തരം കാഷ്യൂ ഫാക്ടറിയുടെ നവീനവത്ക്കരണത്തിന് മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. ചെറുകിട ഇടത്തരം കാഷ്യൂ ഫാക്ടറികൾക്ക് അവയുടെ സ്ഥിരാസ്തി മൂലധനത്തിന്മേലും, Technology Upgradation നുമായും പ്രവർത്തന മൂലധന ആവശ്യത്തിനായി എടുത്ത ലോണുകളിൽ അടച്ച പലിശയ്ക്ക് സബ്സിഡിയായും തുക അനുവദിച്ചിട്ടുണ്ട്.** |
| (ബി) | ഈ മേഖലയിൽ തൊഴിൽ നഷ്ടപ്പെടാതെ ആധുനികവൽക്കരണം സാധ്യമാക്കുന്നതിനും വൈവിധ്യവൽക്കരണത്തിലൂടെ ഉൽപ്പന്നങ്ങളെ മാർക്കറ്റ് ചെയ്യുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ ഫലവത്താകുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സ്വകാര്യ മേഖല ഉൾപ്പെടെ സംസ്ഥാനത്ത് കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന വെല്ലുവിളികളിൽ പ്രധാനം തോട്ടണ്ടിയുടെ ലഭ്യതക്കുറവും ഉയർന്ന സംസ്കരണ ചെലവുമാണ്. കേരള കാഷ്യൂ ബോർഡ് 2018-19 മുതൽ നാളിതു വരെയായി 78182 മെട്രിക് ടൺ തോട്ടണ്ടി വിവിധ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും നൽകിയിട്ടുണ്ട്. അതിലൂടെ അവയുടെ അധീനതയിലുള്ള കശുവണ്ടി സംസ്കരണ ശാലകൾ പ്രവർത്തനക്ഷമമാക്കുന്നതിനും തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിനും സാധിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം 13055 മെട്രിക് ടൺ തോട്ടണ്ടി വിവിധ രാജ്യങ്ങളായ ഘാന, ഐവറികോസ്റ്റ്, മൊസാംബി എന്നിവിടങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും വിതരണം ചെയ്തിട്ടുണ്ട്. കേരള കാഷ്യൂ ബോർഡ് നാളിതുവരെ ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ 2024-25 തുടക്കത്തിൽ തന്നെ കുറഞ്ഞ വിലയ്ക്ക് ഘാനയിൽ നിന്നും ഐവറികോസ്റ്റിൽ നിന്നും തോട്ടണ്ടി ലഭ്യമാക്കി.<br><br>2025-26 സാമ്പത്തിക വർഷം ഈ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് തുടർന്നും തൊഴിൽ നൽകുന്നതിനായി 20000 മെട്രിക് ടൺ തോട്ടണ്ടി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യാൻ ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി ഘാനയിൽ നിന്നും 5000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യാനുള്ള പർച്ചേസ് ഉത്തരവ് നൽകിയിട്ടുണ്ട്. ഇതോടൊപ്പം ഘാനയിൽ നിന്നും ഐവറികോസ്റ്റിൽ നിന്നും 10000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. കാഷ്യൂ ബോർഡ് ഇന്ത്യയ്ക്കകത്തു നിന്ന് Farmers Producer Organization (FPO)/Co-operative Societies എന്നിവ വഴി ടെണ്ടർ മുഖാന്തിരം |

| | | | |
|---|---|---|---|
| | | | തോട്ടണ്ടി സംഭരണം നടത്തുന്നതിനു വേണ്ടി ഇ-ടെണ്ടർ ക്ഷണിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഈ മേഖലയിലെ സ്വകാര്യ സംരംഭങ്ങളുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി സംരംഭങ്ങളുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് **തൊഴിലുടമകൾ ഇ.എസ്.ഐ, ഇ.പി.എഫ് വിഹിതമായി അടയ്ക്കുന്ന തുകയുടെ 50% തിരികെ നൽകുന്ന പദ്ധതി ആവിഷ്കരിക്കുകയും 2 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു.**<br><br>**കൂടാതെ, 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ കശുവണ്ടി മേഖലയ്ക്ക് 30 കോടി രൂപ റിവൈവൽ ഫണ്ടും സ്വകാര്യ കശുവണ്ടി മേഖലയിൽ സ്ത്രീ-സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി 2 കോടി രൂപയും ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികളുടെ പുനരുജ്ജീവനത്തിനായി 2 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്.**<br><br>**സ്വകാര്യ കശുവണ്ടി വ്യവസായത്തിന്റെ പുനരുജ്ജീവനത്തിനായി വ്യവസായ വാണിജ്യ വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.**<br><br>**<u>1. Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood.</u>**<br><br>കേരളത്തിലെ ചെറുകിട (Investment less than 10 crore and turnover up to 50 crore) ഇടത്തരം (Investment between 10 and 20 crore and turn over 100 crore) കാഷ്യൂ ഫാക്ടറിയുടെ നവീകരണത്തിന് മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന ടി പദ്ധതിക്ക് രണ്ടു ഘടകങ്ങളാണുള്ളത്.<br>A) **<u>Capital Grant</u>** (മൂലധന ഗ്രാന്റ്) - ചെറുകിട ഇടത്തരം കാഷ്യൂ ഫാക്ടറികൾക്ക് അവയുടെ സ്ഥിരാസ്തി മൂലധനത്തിന്മേലും, Technology upgradation-നും തുക അനുവദിക്കുന്നു. 2020 മാർച്ചിൽ പ്രവർത്തനമുള്ളതും തുടർന്ന് പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതുമായ ഫാക്ടറികൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. ആനുകൂല്യം ലഭിക്കുന്ന യൂണിറ്റുകൾ തുടർച്ചയായ 5 വർഷം പ്രവർത്തി ക്കേണ്ടതാണ്. ഇതിൽ മൂലധന ഗ്രാന്റായി പരമാവധി 40 ലക്ഷം രൂപ അനുവദിക്കുന്നു. ടി ആനുകൂല്യം ഒരു തവണ മാത്രമേ അനുവദിക്കുകയുള്ളൂ. ജനറൽ കാറ്റഗറിക്ക് investment-ന്റെ 40% ഉം |

SC/ST/ Women/Youth/Differently abled എന്നിവർക്ക് 50% -വും ആനുകൂല്യമായി അനുവദിക്കും.

B) **Interest Subvention (പലിശ സബ്സിഡി) -** പ്രവർത്തന മൂലധന ആവശ്യത്തിനായി എടുത്ത ലോണുകളിൽ അടച്ച പലിശയ്ക്ക് സബ്സിഡി അനുവദിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തന മൂലധന/ക്യാഷ് ക്രെഡിറ്റ് ലോൺ എടുത്തതും നിലവിൽ പ്രവർത്തിക്കുന്നതുമായ ചെറുകിട ഇടത്തരം കാഷ്യൂ ഫാക്ടറികൾക്ക് ആനുകൂല്യത്തിന് അർഹതയുണ്ട്. അടച്ച പലിശയുടെ 50 ശതമാനം (പരമാവധി 10 ലക്ഷം രൂപ) പലിശ സബ്സിഡിയായി അനുവദിക്കുന്നു. നിയന്ത്രണങ്ങൾക്ക് വിധേയമായി പരമാവധി 3 തുടർച്ചയായ വർഷങ്ങളിൽ തുക അനുവദിക്കുന്നു. ആനുകൂല്യം ലഭ്യമായ യൂണിറ്റുകൾക്ക് തുടർച്ചയായി 5 വർഷം പ്രവർത്തിക്കേണ്ടതാണ്.

ടി പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 220 ലക്ഷം രൂപ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കാസറഗോഡ് എന്നീ ജില്ലകളിലെ 26 കശുവണ്ടി യൂണിറ്റുകൾക്ക് അതാത് ജില്ലാ വ്യവസായ കേന്ദ്രം മുഖേന വിതരണം ചെയ്തു. 2023-24 സാമ്പത്തിക വർഷം 43.53 ലക്ഷം രൂപ തിരുവനന്തപുരം, കൊല്ലം, കാസറഗോഡ് ജില്ലകളിലെ 7 കശുവണ്ടി യൂണിറ്റുകൾക്ക് അതാത് ജില്ലാ വ്യവസായ കേന്ദ്രം മുഖേന വിതരണം ചെയ്തിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം (2024-25) പ്രസ്തുത പദ്ധതിക്കായി 80 ലക്ഷം രൂപ വിതരണം ചെയ്തു. ഇതിൽ നിന്നും തിരുവനന്തപുരം, കൊല്ലം ജില്ലകൾക്ക് 20 ലക്ഷം രൂപ വീതം നൽകി. ബാക്കി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**2. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേല്പ് പദ്ധതി (Revival Rejuvenation and Resurrection of Private Cashew Industry Sector)**

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിച്ചു വരുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി രൂപീകരിച്ച അഞ്ചംഗ വിദഗ്ധ സമിതി കശുവണ്ടി മേഖലയുടെ

പുനരുജ്ജീവനത്തിനായി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. അതിന്റെ ഭാഗമായി കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി 2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും അതിന്റെ തുടർച്ചയായി 2024-25 വർഷം 2 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. പ്രസ്തുത തുക തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കാസറഗോഡ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് പദ്ധതി നടത്തിപ്പിനായി അനുവദിച്ച് നൽകി.

**<u>OTS പദ്ധതി</u>**

**സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ (OTS) പദ്ധതി' സംബന്ധിച്ച് ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 30.12.2021 ൽ നടന്ന യോഗതീരുമാനങ്ങൾക്ക് പ്രാബല്യം നൽകിക്കൊണ്ടും 'ഒറ്റത്തവണ തീർപ്പാക്കൽ ' (OTS) പദ്ധതി നടപ്പിലാക്കി. സർക്കാർ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പരിധി 31.03.2021 വരെ നിഷ്ക്രിയ ആസ്തി (NPA) ആയ കശുവണ്ടി വ്യവസായികളുടെ ലോൺ അക്കൗണ്ടുകൾ കൂടി ഉൾപ്പെടുന്നതാണ്. 2 കോടി വരെയുള്ള അക്കൗണ്ടുകൾക്ക് 50% വും 2 കോടിയ്ക്ക് മുകളിൽ 10 കോടി വരെയുള്ള NP അക്കൗണ്ടുകൾക്ക് OTS തുകയുടെ 60% ഉം അംഗീകരിച്ചാണ് OTS ഉത്തരവായിട്ടുള്ളത്. OTS സ്വീകരിക്കുന്ന അവസാന തീയതി 31.03.2022 വരെ എന്നുള്ളത് സർക്കാർ ആവശ്യപ്പെട്ടത് പ്രകാരം 31.12.2024 വരെ ദീർഘിപ്പിച്ച് നൽകി. ഇത് 31.12.2025 വരെ ദീർഘിപ്പിച്ച് നൽകാൻ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബാങ്കുകളോടും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയോടും പരിഗണിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഈ യോഗത്തിന്റെ തീരുമാന പ്രകാരം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി തന്നെ കാലാവധി ദീർഘിപ്പിച്ചു നൽകാൻ ബാങ്കുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.**

**സംസ്ഥാന കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനായി രൂപീകരിക്കപ്പെട്ട മിനിമം വേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് കശുവണ്ടി**

**തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ 23% വർദ്ധിപ്പിച്ചു.**

സെക്ഷൻ ഓഫീസർ